**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1238** **10-08-2023 - ൽ മറുപടിയ്ക്ക്**

**കേരളാ സാംസ്കാരിക ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ സ്ഥാപനങ്ങളിലാണ് കലാപഠന കോഴ്സ് സൗകര്യങ്ങൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) | സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുതുരുത്തി കേരള കലാമണ്ഡലം കല്പിത സർവ്വകലാശാല, കണ്ണൂർ കേരള ഫോക് ലോർ അക്കാദമി, കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി, തിരുവനന്തപുരം ഗുരു ഗോപിനാഥ് നടനഗ്രാമം, ഇരിങ്ങാലക്കുട ഉണ്ണായി വാര്യർ സ്മാരക നിലയം, ആറന്മുള വാസ്തുവിദ്യാ ഗുരുകുലം, ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകം, അമ്പലപ്പുഴ കുഞ്ചൻ നമ്പ്യാർ സ്മാരകം, തിരുവനന്തപുരം മാർഗി മുതലായ സ്ഥാപനങ്ങളിൽ കലാപഠന കോഴ്സ് സൗകര്യങ്ങൾ നിലവിലുണ്ട്. |
| (ബി) | നാടൻകലകൾ കോഴ്സായി പഠിപ്പിക്കുന്ന ഏതൊക്കെ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; | (ബി) | കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കേരള ഫോക് ലോർ അക്കാദമിയുടെ കോട്ടയം വെള്ളാവൂർ സബ് സെന്ററിൽ നാടൻപാട്ട് പരിശീലനക്ലാസ്സ് നടത്തി വരുന്നുണ്ട്. |
| (സി) | ശാസ്ത്രീയകലകളും നാടൻകലകളും അന്താരാഷ്ട്ര തലത്തിൽ സ്വീകാര്യതയുള്ള കോഴ്സുകളാക്കി പഠിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കാമോ; | (സി) | കലാപഠനകോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി മികച്ച പരിശീലനമാണ് നൽകിവരുന്നത്. |
| (ഡി) | ശാസ്ത്രീയകലകളും നാടൻകലകളും അന്താരാഷ്ട്രതലത്തിൽ സ്വീകാര്യതയുണ്ടാക്കുന്നതിന് അനുഗുണമാംവിധം അംഗീകൃത കോഴ്സുകൾ നടത്തുന്നതിന് കേരളാ സാംസ്കാരിക ഓപ്പൺ സർവ്വകലാശാല സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | കേരള കലാമണ്ഡലം കല്പിത സർവ്വകലാശാലയെ സാംസ്കാരിക സർവ്വകലാശാലയായി ഉയർത്തുന്നത് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്)-ലെ പരീക്ഷാ കൺട്രോളർ പ്രൊഫ. (ഡോ) കെ. പി. സുഭാഷ് ചന്ദ്രനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ